**Desabhimani**
**30 August 2018**
**Thiruvananthapuram; After Flood**

# പ്രളയകാരണം അതിതീവ്ര മഴ

**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി**

അണക്കെട്ടുകൾ തുറന്നുവിട്ടതല്ല, അതിതീവ്ര മഴയാണ് കേരളത്തിലെ പ്രളയത്തിനുകാരണമെന്ന് കേന്ദ്ര ജലകമീഷൻ. അണക്കെട്ടുകൾ വേഗം നിറഞ്ഞതോടെ തുറന്നുവിടുകയല്ലാതെ മറ്റ് മാർഗമില്ലായിരുന്നു. ഇതിന് സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയും നിർണായക ഘടകമായി. നിയന്ത്രിക്കാവുന്നതിലും അപ്പുറമായിരുന്നു പ്രളയം. ഡാം തുറന്നതാണ് പ്രളയകാരണമെന്ന പ്രചാരണം ശരിയല്ലെന്നും കേന്ദ്ര ജലകമീഷൻ പ്രളയ മുന്നറിയിപ്പു വിഭാഗം മേധാവി ശരദ്ചന്ദ്ര വ്യക്തമാക്കി.

അപ്രതീക്ഷിതവും അതിശക്തവുമായ മഴ തുടർച്ചയായി പെയ്തതാണ് വെള്ളപ്പൊക്കത്തിന് ഇടയാക്കിയത്. അതിശക്തമായ മഴ സംസ്ഥാനത്താകെ ലഭിച്ചു. അമ്പതോ നൂറോ വർഷത്തിനിടെ ഒരിക്കൽ സംഭവിക്കുന്നത്ര രൂക്ഷമായ കാലാവസ്ഥാസാഹചര്യമായിരുന്നു. അത് നിയന്ത്രിക്കാവുന്നതല്ല.

പ്രളയത്തിന്റെ വ്യാപ്തി വർധിച്ചത് ഡാമുകൾ തുറന്നതുകൊണ്ടാണെന്ന് ചിലർ പറയുന്നത് ശരിയല്ല. അണക്കെട്ടുകൾ നേരത്തെ തുറന്നുവിട്ടാലും പ്രളയത്തിന്റെ വ്യാപ്തിയിൽ കാര്യമായ മാറ്റമുണ്ടാവില്ലായിരുന്നു. ഡാമുകൾ നിറഞ്ഞത് അതിവേഗമായിരുന്നു. ഡാമുകൾ വേഗം നിറയുന്നതിന് കേരളത്തിന്റെ ഭൂപ്രകൃതിയും കാരണമായി. മലമ്പ്രദേശങ്ങളും ചെങ്കുത്തായ മേഖലകളുമുള്ളതിനാൽ മണിക്കൂറുകൾകൊണ്ട് ഡാമുകൾ നിറയും.

പൂർണമായി നിയന്ത്രിക്കാവുന്നതിനപ്പുറമായിരുന്നു കേരളത്തിലെ പ്രളയം. കേരളത്തിലെ നദികൾ താരതമ്യേന ചെറുതാണ്. വേഗം ജലനിരപ്പ് ഉയരുന്നതിനാൽ പെട്ടെന്നുള്ള പ്രളയ മുന്നറിയിപ്പ് നൽകുന്നത് പ്രയാസമാണ്. സംസ്ഥാനത്തെ പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് തയ്യാറാക്കുകയാണ്. ഇതിനായി ഡാമുകളിലേക്കുള്ള നീരൊഴുക്കിന്റെയടക്കം സമഗ്രവിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ഉടൻ കേന്ദ്രസർക്കാരിന് കൈമാറുമെന്നും ശരദ്ചന്ദ്ര പറഞ്ഞു.

## പ്രത്യേക സഭാസമ്മേളനം ഇന്ന്

**തിരുവനന്തപുരം**

കാലവർഷത്തിൽ സംസ്ഥാനത്തുണ്ടായ കെടുതികൾ ചർച്ച ചെയ്യാനായി നിയമസഭയുടെ പ്രത്യേക ഏകദിനസമ്മേളനം വ്യാഴാഴ്ച ചേരും. രാവിലെ ഒമ്പതിന് ആരംഭിക്കും. പ്രളയത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്കും എ ബി വാജ്പേയ്, സോമനാഥ് ചാറ്റർജി, എം കരുണാനിധി, ചെർക്കളം അബ്ദുള്ള, ടി കെ അറുമുഖം എന്നിവർക്കും സഭ ചരമോപചാരം അർപ്പിക്കും. തുടർന്ന് ചട്ടം 130 അനുസരിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ ഉപക്ഷേപം അവതരിപ്പിക്കും. നാലു മണിക്കൂർ ചർച്ച. കാലവർഷക്കെടുതിമൂലമുണ്ടായ ഗുരുതര സ്ഥിതിയും പുനർനിർമാണത്തിനായി പൂർത്തീകരിക്കേണ്ട നടപടികളും സംബന്ധിച്ച് സഭയുടെ അംഗീകാരത്തിനായി പ്രമേയവും അവതരിപ്പിക്കും.